പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 471

27.09.2016 - ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അവയിൽ പ്രവർത്തിക്കുന്നവയും പ്രവർത്തിക്കാത്തവയും എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇവയിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം 64-ഉം പ്രവർത്തിക്കാത്തവയുടെ എണ്ണം 78-ഉം ആകുന്നു. |
| (സി) | എന്തു കാരണം കൊണ്ടാണ് ഇവ പ്രവർത്തിക്കാത്തത് എന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ വാഹനങ്ങൾ ഭൂരിഭാഗവും ഉപയോഗിക്കാൻ കഴിയാത്തവിധം മോശമായ നിലയിലായിരുന്നു. ഇവയുടെ അറ്റകുറ്റപ്പണികൾക്കും, ടെസ്റ്റ് വർക്ക് ഉൾപ്പെടെയുള്ള മറ്റു ചെലവുകൾക്കും ഭീമമായ തുക ആവശ്യമായി വന്നു. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിലൂടെയുള്ള വിൽപ്പന ലാഭകരമല്ലാതാകുകയും ചെയ്തു. ഇക്കാരണങ്ങളാലാണ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നത്. |

സെക്ഷൻ ഓഫീസർ